(എഫ്) കേന്ദ്രഗവൺമെൻറിൽ നിന്നും ഈ പദ്ധതി ചെലവിലേയ്ക്കായി കിട്ടിയ ധനസഹായം.

(1) 1977–78-ൽ ഒന്നുമില്ല.

(2) 1978–79-ൽ സ്റേറ്റ് റിസോഴ്സ് സെൻറിന് രൂപാ തൊണ്ണൂറായിരം. സംസ്ഥാനത്തിനു മുപ്പത്തോരായിരത്തിയറുന്നൂറ് രൂപ.

ചെലവായത്:

1977–78-ൽ ഒന്നുമില്ല.

1978–79-ൽ സ്റേറേറ് റിസോഴ്സ് സെൻറിന് തൊണ്ണൂറായിരം രൂപ. സംസ്ഥാനത്ത് 27,900 രൂപ 25 പൈസ.

ലാപ്സായ തുക ഇല്ല. ശേഷിച്ച തുകയായ 3,699 രൂപ 75 പൈസ 1979–80-ൽ ചെലവാക്കുന്നതാണ്.

പുതിയ അംഗീകൃത വിദ്യാലയങ്ങൾ

* 127 [136] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതുതായി അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതുതായി വിദ്യാലയത്തിന് അംഗീകാരമാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അതിന് എന്തു നടപടികൾ എടുത്തു?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) ഈ വർഷം 14 അംഗീകൃത വിദ്യാലയങ്ങൾക്ക് അനുമതി നൽകിക്കഴിഞ്ഞു. ഇവ പുതിയതെന്നു പറയുവാൻ നിവൃത്തിയില്ല. നേരത്തെ നിലവിലുണ്ടായിരുന്ന അംഗീകൃത വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുകയോ അല്ലെങ്കിൽ അവയുടെ താഴ്ന്ന തരങ്ങൾ അനുവദിക്കുകയോ ആണ് ചെയ്തിട്ടുള്ളത്. പുതുതായി അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കണമോ എന്ന് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥലം നിർണ്ണയിക്കുമ്പോൾ ലഭിച്ച അപേക്ഷകളും പരിഗണിക്കുന്നതാണ്.

പുതിയ സ്കൂളുകൾ

* 128 [137] ശ്രീ. സി. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതുതായി എത്ര സ്കൂളുകൾ അനുവദിച്ചു;

(ബി) 1979 ആഗസ്റ് മാസത്തിലും സെപ്റ്റംബർ മാസത്തിലും എത്ര സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്;

(സി) 1979 ആഗസ്റിലും സെപ്റ്റംബറിലും അനുവദിച്ച സ്ഥലങ്ങൾ നിയമപ്രകാരം നേരത്തെ നോട്ടിഫൈ ചെയ്തിരുന്നോ; ഉണ്ടെങ്കിൽ എന്നാണ്?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) 316 സ്കൂളുകൾ (14 അംഗീകൃത സ്കൂളുകൾ ഉൾപ്പെടെ).

(ബി) 25 സ്കൂളുകൾ (14 അംഗീകൃത സ്കൂളുകൾ ഉൾപ്പെടെ).

(സി) എല്ലാ സ്ഥലങ്ങളും നേരത്തെ നോട്ടിഫൈ ചെയ്തിരുന്നു. 11-4-1979, 22-6-1979, 3-8-1979 എന്നീ തീയതികളിൽ.

സെക്കൻറ് ക്ലാസ് മജിസ്ട്രേട്ട് കോടതികൾ

* 129 [138] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി സെക്കൻറു ക്ലാസ് മജിസ്ട്രേട്ടു കോടതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇക്കാര്യം പരിഗണനയിലുണ്ട്.

(ബി) റാന്നി, കൊച്ചി.

എസ്. ഐ. പോസ്റ്റിലേക്കുള്ള നിയമനം

* 130 [139] ശ്രീമാൻ സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ഇപ്പോൾ എസ്. ഐമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) എസ്. ഐമാരുടെ ഇന്നത്തെ നിയമന രീതി എങ്ങനെയാണ്;

(സി) ബിരുദധാരികളായ പോലീസ്കാർക്ക് എത്ര ശതമാനമാണ് റിസർവേഷൻ; മിനിസ്റ്റീരിയൽ സ്റ്റാഫിൻറെ റിസർവേഷൻ എത്ര ശതമാനമാണ്;

(ഡി) സ്റേറഷനിൽ ആകെ എത്ര മിനിസ്റ്റീരിയൽ സ്റ്റാഫ് ഉണ്ട്; എത്ര പോലീസുകാർ ഉണ്ട്;

(ഇ) എസ്. ഐ. പോസ്റ്റിലേക്കുള്ള റിസർവേഷൻ, ജീവനക്കാരുടെ സംഖ്യാനുസരണം പോലീസുകാർക്കും മിനിസ്റീരിയൽ സ്റ്റാഫിനും വീതിച്ചു കൊടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 138

(ബി) എസ്. ഐമാരുടെ മൊത്തം തസ്തികകളിൽ 50 ശതമാനം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നേരിട്ടു നിയമനം നടത്തുന്നു. ബാക്കി 50 ശതമാനം ഒഴിവുകൾ പ്രമോഷൻ വഴി നിയമനം നടത്തുന്നു.

(സി) ബിരുദധാരികളായ പോലീസുകാർക്ക് അഞ്ചും മിനിസ്റ്റീരിയൽ വിഭാഗത്തിനു പത്തും ശതമാനം വീതമാണ് നീക്കിവച്ചിട്ടുള്ളത്.

(ഡി) മിനിസ്റ്റീരിയൽ സ്റ്റാഫ് 1,202. പോലീസുകാർ 18,003.

LIBRARY ARCHIVES Kerala Legislative Assembly